**ബഡ്സ്  ബി.ആർ.സി കുട്ടികൾക്കു വേണ്ടി 'പ്രകൃതിക്കൊരു താരാട്ട്'  മൂന്നാം ഘട്ട ലോക്ക് ഡൗൺ പ്രവർത്തനങ്ങളുമായി കുടുംബശ്രീ കൊല്ലം ജില്ലാമിഷൻ**

കോവിഡ്19 രോഗവ്യാപനം തടയുന്നതിനായി പ്രഖ്യാപിച്ച ലോക്ക് ഡൗൺ തുടരുന്ന സാഹചര്യത്തിൽ, ജില്ലയിലെ  ബഡ്സ് ബി.ആർ.സി കുട്ടികൾക്കു വേണ്ടി മൂന്നാംഘട്ട ലോക്ക് ഡൗൺ പ്രവർത്തനങ്ങൾ അവതരിപ്പിച്ചിരിക്കുകയാണ് കുടുംബശ്രീ കൊല്ലം ജില്ലാമിഷൻ. 'പ്രകൃതിക്കൊരു താരാട്ട്' എന്നാണ് മൂന്നാം ഘട്ട പ്രവർത്തനങ്ങളുടെ മോഡ്യൂളിന്റെ പേര്. മെയ് 11 നാണു മൂന്നാം ഘട്ട മോഡ്യൂൾ ജില്ലാമിഷൻ പുറത്തിറക്കിയത്. ഞാനും എന്റെ പരിസരവും, നമുക്ക് ചെടി നടാം, എന്റെ വീട്, കളിക്കാം രസിക്കാം, കൊറോണയെ പ്രതിരോധിക്കാം എന്നിങ്ങനെ അഞ്ച് ദിവസങ്ങളിലേക്കായി അഞ്ചു മോഡ്യൂളുകൾ ആണുള്ളത്. ജില്ലയിലെ ബഡ്സ്ബി.ആർ.സി സ്ഥാപനങ്ങളിലെ അധ്യാപകർ സംയുക്തമായാണ് മോഡ്യൂൾ തയ്യാറാക്കിയിരിക്കുന്നത്.

കുട്ടിയ്ക്ക്  മാതാപിതാക്കൾക്കൊപ്പം പ്രകൃതി നടത്തത്തിനു അവസരമൊരുക്കുകയാണ് ഞാനും എന്റെ പരിസരവും എന്ന ഒന്നാം ദിവസത്തെ മോഡ്യൂൾ ചെയ്യുന്നത്. പ്രകൃതിയിൽ കുട്ടി കാണുന്ന കാഴ്ച അവരെ കൊണ്ട് പറയാൻ ശ്രമിക്കുകയും ജീവജാലങ്ങളെ നിരീക്ഷിക്കാൻ അവർക്ക്  അവസരം നൽകുകയും ചെയ്യുന്നു. അവയുടെ പ്രത്യേകത കുട്ടിയെ കൊണ്ട് പറയിക്കുകയും രക്ഷിതാവിന്റെ സഹായത്തോടെ അത് പുസ്തകത്തിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഓരോ ജീവജാലങ്ങളുടെയും ശബ്ദം അനുകരിക്കാനും, ആൽബം തയ്യാറാക്കാനും, ചൂടുകാലത്ത് ജീവികളെ എങ്ങനെയെല്ലാം സഹായിക്കാമെന്നും കുട്ടികൾ പഠിക്കുന്നു. പക്ഷികളെയും ജീവികളെയും പറ്റിയുള്ള പാട്ടിന്റെ അവതരണവും ചിത്രരചനയും

ചിത്രശലഭത്തെ നിർമ്മിക്കാനുള്ള നിർമ്മാണ പ്രവർത്തനവും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നമുക്ക് ചെടി നടാം എന്ന മോഡ്യൂളിൽ കുട്ടിക്ക് വിവിധ ചെടികളെ നിരീക്ഷിക്കാൻ ഉള്ള അവസരമാണ് നൽകിയിരിക്കുന്നത്. ഭക്ഷണത്തിനു ഉപയോഗിക്കുന്നതും ഉപയോഗിക്കാത്തതുമായ ചെടികളെ തരം തിരിക്കാനും, ഉള്ളി പൊളിക്കൽ, മുരിങ്ങയില വേർതിരിക്കൽ തുടങ്ങി കുട്ടിയുടെ പേശീ ചലനത്തിന് സഹായിക്കുന്ന പ്രവർത്തനങ്ങൾ, അടുക്കളത്തോട്ട നിർമ്മാണം, ഔഷധ സസ്യങ്ങൾ കണ്ടെത്തൽ, ആൽബം തയ്യാറാക്കൽ, വിത്തുകൾ ഏതെങ്കിലും ചിത്രത്തിൽ ഒട്ടിക്കുന്ന നിർമ്മാണ പ്രവർത്തനം, മോഡ്യൂളിൽ നൽകിയിരിക്കുന്ന ചെടിയുടെ ചിത്രത്തിൽ അനുയോജ്യമായ നിറം നൽകി ചെടിയുടെ ഭാഗങ്ങൾ അടയാളപ്പെടുത്തുക എന്നിവയാണ് രണ്ടാം ദിവസത്തെ മോഡ്യൂളിൽ നൽകിയിരിക്കുന്ന പ്രവർത്തനങ്ങൾ.

എന്റെ വീട് എന്ന മൂന്നാം ദിവസത്തെ മോഡ്യൂളിലൂടെ കുട്ടി വീട്ടിലെ ഓരോ ആളുകളെയും മുറികളെയും പരിചയപ്പെടുന്നു. വീടും പരിസരവും ശുചീകരിക്കാനും ജ്യൂസ് പോലെയുള്ള ലളിതമായ വിഭവങ്ങൾ രക്ഷിതാവിന്റെ സഹായത്തോടെ പാകം ചെയ്യാനും കുട്ടിയെ പ്രാപ്തരാക്കുകയാണ് ഈ മോഡ്യൂൾ ചെയ്യുന്നത്. ചിത്രരചനയും പാഴ്‌വസ്തുക്കൾ ഉപയോഗിച്ച് വീട് അലങ്കരിക്കുന്നതിനുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണവും മൂന്നാം ദിവസത്തെ മോഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നാലാം ദിവസത്തെ മോഡ്യൂളിലൂടെ കുടുംബാംഗങ്ങളുമായി കുട്ടികൾക്കു വിവിധ കളികൾ കളിക്കാനുള്ള അവസരം ഒരുക്കുകയാണ് ചെയ്യുന്നത്. വിവിധ കളികളുടെ ചിത്രങ്ങൾ പത്രത്തിൽ നിന്ന് ശേഖരിച്ചു ആൽബം തയ്യാറാക്കാനും ചുറ്റുമുള്ള വസ്തുക്കൾ ഉപയോഗിച്ചു കളിയുപകരണങ്ങൾ ഉണ്ടാക്കാനും നാലാം ദിവസത്തെ മോഡ്യൂൾ കുട്ടികളെ പ്രാപ്തരാക്കുന്നു. അഞ്ചാം ദിവസത്തെ മോഡ്യൂളിൽ കൊറോണയെ

പ്രതിരോധിക്കാനുള്ള മാർഗങ്ങൾ, കൊറോണയുമായി ബന്ധപ്പെട്ട ചിത്രരചന, ശുചീകരണ പാട്ട്/നൃത്താവിഷ്കാരം, രക്ഷിതാക്കളുടെ സഹായത്തോടെയുള്ള സോപ്പ്/മാസ്ക്/ഹാൻഡ് വാഷ് നിർമ്മാണം, കൊറോണയുമായി ബന്ധപ്പെട്ട ലഘു പ്രസംഗം, കൊറോണയുമായി ബന്ധപ്പെട്ട പത്രവാർത്തകൾ കൊണ്ട് ആൽബം തയ്യാറാക്കൽ എന്നിവ ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

അടച്ചിടൽ കാരണം വീടിനുള്ളിൽ തന്നെ കഴിയുന്ന കുട്ടികൾ ഹൈപ്പർ ആക്റ്റീവ് ആയി മാറുന്നത് ഒഴിവാക്കാനായി രണ്ടു ഘട്ടങ്ങളിലായി വിവിധ പ്രവർത്തനങ്ങളും സംസ്ഥാന തലത്തിൽ നിരവധി മത്സരങ്ങളും ബഡ്സ് ബി.ആർ.സി കുട്ടികൾക്കായി കൊല്ലം ജില്ലാമിഷൻ ഇതിനോടകം സംഘടിപ്പിച്ചിരുന്നു. ഈ പ്രവർത്തനങ്ങൾക്കെല്ലാം മികച്ച പ്രതികരണം ആണ് കുട്ടികളിൽ നിന്ന് ലഭിച്ചത്. മോഡ്യൂളുകൾ വാട്സ്ആപ്പിലൂടെ രക്ഷിതാക്കൾക്ക് അയച്ചു നൽകിയാണ് പ്രവർത്തനങ്ങൾ കുട്ടികളെ കൊണ്ട് ചെയ്യിപ്പിക്കുന്നത്. കുട്ടികൾ ചെയ്ത പ്രവർത്തനങ്ങളുടെ ചിത്രങ്ങളും വീഡിയോകളും രക്ഷിതാക്കൾ അധ്യാപകർക്ക് അയച്ചു നൽകുകയും ചെയ്യുന്നു. ലോക്ക് ഡൗൺ ബഡ്സ് ബി.ആർ.സി കുട്ടികളെ പ്രതികൂലമായി ബാധിക്കാതിരിക്കാനും അവരെ പരിശീലിപ്പിക്കാനും സാധ്യമായ എല്ലാ വഴികളും പ്രയോജനപ്പെടുത്തുകയാണ് കുടുംബശ്രീ കൊല്ലം ജില്ലാമിഷൻ.